(എ) പുറമ്പോക്ക് ഭൂമിക്കുള്ള പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടയം നൽകുന്ന നടപടി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും ഭൂമിപതിവ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹരായ കൈവശക്കാർക്ക് റോഡ് വികസനത്തിന് തടസ്സമില്ലാത്ത സാഹചര്യത്തിൽ പട്ടയം നൽകുന്നതാണ്. പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡ്, തോട്, പുഴ, കുളം, പുറമ്പോക്കുകളിലെ കൈവശക്കാർക്ക് ചില നിബന്ധനകൾക്ക് വിധേയമായി കൈവശരേഖ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി)(ഇ) പുറമ്പോക്കിൽ താമസിക്കുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് പഞ്ചായത്തുകൾതോറും 50 വീടുകൾവീതം വരുന്ന ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നുണ്ട്.

വികലാംഗ ക്ഷേമ പദ്ധതികൾ

17 (*487)പ്രൊഫ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹിക ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) വികലാംഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത വകുപ്പിൽ കൂടി വികലാംഗക്ഷേമത്തിനായി നടപ്പാക്കാൻ പോകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മാനസികവൈകല്യം ബാധിച്ചവരെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും ഇവരെ സംരക്ഷിക്കുന്നതിന് സർക്കാർവക സംവിധാനങ്ങൾ എവിടെയെല്ലാം ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ).

(എ) വികലാംഗരുടെ ക്ഷേമത്തിനും പുനഃരധിവാസത്തിനുമായി ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു†

(ബി)&(സി) വികാലംഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടില്ല. എന്നാൽ 1995ലെ കേന്ദ്ര നിയമമായ വികലാംഗ (തുല്യ അവസര-അവകാശ സംരക്ഷണ-പൂർണ്ണ പങ്കാളിത്ത) നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു സംസ്ഥാന കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരള

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് പാങ്ങപ്പാറയിലെ മാനസിക വൈകല്യം ബാധിച്ച കുട്ടികൾക്കായുള്ള സ്ഥാപനം എന്നിവ വികലാംഗരുടെ ക്ഷേമം മുൻനിർത്തി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ഡി) മാനസിക വൈകല്യം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസവും സംരക്ഷണവും ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡി ക്യാപ്ഡ്, പാങ്ങപ്പാറ.

2) ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട്.

3) കസ്റ്റോഡിയൻ കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൺ, മഞ്ചേരി

ഇവയിൽ പാങ്ങപ്പാറയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡി ക്യാപ്ഡ് ഒരു ദേശീയ സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണം, കൗൺസിലിംഗ്, ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനം, യോഗ/ഹോർട്ടികൾച്ചറൽ തെറാപ്പി മുതലായ പരിശീലന/ചികിത്സാ രീതികൾ ഇവിടെ നടപ്പാക്കിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിയമ ഭേദഗതി

18(*488)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഏതെല്ലാം നിയമങ്ങളാണ് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിലേക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) ഓംബുഡ്സ്മാന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിലേക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുവാൻ ഇനി 45 നിയമങ്ങളിൽ ഭേദഗതി വേണ്ടിവരുമെന്നാണ് അധികാര വികേന്ദ്രീകരണ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) നിയമഭേദഗതികൾ സംബന്ധിച്ച അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ റിപ്പോർട്ട് താമസിയാതെ സർക്കാരിന് സമർപ്പിക്കുന്നതാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ

ശ്രീ. എ.കെ. മണി

ശ്രീ. സി. മൊയീൻകുട്ടി

ശ്രീ. ആര്യാടൻ മുഹമ്മദ്

ശ്രീ. എഴുകോൺ നാരായണൻ

ശ്രീമതി ശോഭനാ ജോർജ്

ശ്രീ. കെ. സുധാകരൻ

ശ്രീ. കെ.സി. വേണുഗോപാൽ

ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല

മി. സ്പീക്കർ : ശ്രീ. പി. രാജു അവതരിപ്പിച്ച പ്രമേയം പിൻവലിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ -38

പ്രതികൂലിക്കുന്നവർ -15

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രമേയം പിൻവലിക്കപ്പെട്ടിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് 12.35 ന് പിരിഞ്ഞു)

അനുബന്ധം I

16.7.1999 ലെ നക്ഷത്ര ചിഹ്നമിട്ട 17 (*487-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

വികാലാംഗക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും പഠിയ്ക്കുന്ന വികാലാംഗ കുട്ടികൾക്ക് സ്കോളർഷിപ്പും അംഗീകൃത വ്യവസായ ശാലകളിൽ പരിശീലനം നേടുന്നവർക്ക് സ്റ്റൈപ്പന്റും നൽകിവരുന്നു. അന്ധരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനു പുറമേ വായന സഹായ ബത്തയും അനുവദിക്കുന്നുണ്ട്. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് മറ്റുള്ളവർക്ക് നൽകുന്നതിനേക്കാൾ കൂടുതലാണ്. നിരക്കുകൾ താഴെ കൊടുക്കുന്നു.

ക്ലാസ്	തുക (പ്രതിമാസം)
1-4 വരെ	പ്രതിമാസം 30 രൂപ സ്കോളർഷിപ്പ്+25 രൂപ പ്രതിവർഷ അലവൻസ്
5-8 വരെ	പ്രതിമാസം 45 രൂപ സ്കോളർഷിപ്പ്+40 രൂപ പ്രതിവർഷ അലവൻസ്

LIBRARY ARCHIVES Kerala Legislative Assembly

9 - പ്രീ-ഡിഗ്രി വരെ	85 രൂപ പ്രതിമാസം
ഡ്രിഗ്രി കോഴ്സ്	125 രൂപ പ്രതിമാസം
മറ്റ് കോഴ്സുകൾ	170 രൂപ പ്രതിമാസം

ഹോസ്റ്റലുകളിൽ താമസിച്ച് പഠിയ്ക്കുന്ന 9-ാം ക്ലാസ് മുതലുള്ളവർക്ക് തുക യഥാക്രമം 140, 180, 240 രൂപ വീതമാണ് സ്കോളർഷിപ്പ്. 9-ാം ക്ലാസുമുതൽ അന്ധ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി റീഡിംഗ് അലവൻസ് ഇനത്തിൽ പ്രതിമാസം യഥാക്രമം 50, 75, 100 രൂപ വീതം നൽകുന്നു.

വിദ്യാഭ്യാസ വകുപ്പു മുഖേന നടപ്പാക്കുന്ന സംയോജിത വിദ്യാഭ്യാസ പദ്ധതിക്ക് 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സഹായ ഉപകരണങ്ങൾ, പരിശീലനം എന്നിവ ലഭ്യമാക്കുന്നു. വിദ്യാഭ്യാസ വകുപ്പു മുഖേന മെഡിക്കൽ അസസ്മെന്റ് ക്യാമ്പുകൾ നടത്താറുണ്ട്. അന്ധ-ബധിര വിഭാഗങ്ങൾക്കു വേണ്ടി സംസ്ഥാനത്ത് 36 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

വിവിധ കോഴ്സുകളിലേക്ക് താഴെ പറയും പ്രകാരം സീറ്റുകൾ വികലാംഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

എം.ബി.ബി.എസ്.	1 സീറ്റ്
ബി.ഡി.എസ്.	1 സീറ്റ്
ബി.എസ്.സി. /എം.എൽ.ടി.	1 സീറ്റ്
ഡി.ഫാം.	2 സീറ്റ്
എൻജിനിയറിംഗ്	3 സീറ്റ്
ഡിപ്ലോമോ	21 സീറ്റുകൾ
ഐ.ടി.ഐ.	5 സീറ്റ്
പ്രീ-ഡിഗ്രി /ബിരുദം	3 ശതമാനം

II) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

1) വികലാംഗ സംരക്ഷണ ഭവനങ്ങൾക്കുള്ള സംസ്ഥാനസഹായ പദ്ധതി:

സന്നദ്ധ സംഘടനകൾ നടത്തി വരുന്ന വികലാംഗ ഭവനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 100 രൂപ നിരക്കിൽ സംരക്ഷണ ഗ്രാന്റ് നൽകുന്നു.

വികലാംഗ ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത:

ഉദ്യോഗ നിയമനങ്ങൾക്കുള്ള എഴുത്തു പരീക്ഷകൾക്കും കൂടികാഴ്ചകൾക്കും ഹാജരാകുന്ന വികലാംഗർക്ക് യാത്രാബത്ത നൽകുന്നു. 10,000/ രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്കുമാണ് ഈ ആനുകൂല്യങ്ങളും ലഭിക്കുന്നത്.

2) അന്ധരും അസ്ഥിവൈകല്യമുള്ളവരുമായ അഭിഭാഷകർക്കുള്ള ധനസഹായം:

അന്ധരും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്ക് ആരംഭചെലവുകൾക്കായി 2500 രൂപയും വായനാസഹായിയെ നിയമിക്കുന്നതിന് പ്രതിമാസം 1000/-രൂപയും (അഞ്ചു വർഷത്തേക്ക്) നൽകുന്നു. കുടുംബ വാർഷിക വരുമാന പരിധി 18,000/ രൂപയാണ്.

3) വികലാംഗർക്കുള്ള അവാർഡ്:

LIBRARY ARCHIVES Kerala Legislative Assembly

വിവിധ മേഖലകളിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഏറ്റവും കൂടുതൽ വികലാംഗർക്ക് തൊഴിൽ നൽകുന്ന തൊഴിൽദായകർക്കും വികലാംഗർക്കും വേണ്ടി സേവനമനുഷ്ഠിക്കുന്ന സന്നദ്ധ സംഘടനകൾക്കും സംസ്ഥാന അവാർഡുകളും ദേശീയ അവാർഡുകളും നൽകിവരുന്നു.

4) ദുരിതാശ്വാസ നിധി:

12000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർക്ക് ചികിത്സക്കായി ഒരു വർഷം 5000 രൂപവരെ വികലാംഗ ദുരിതാശ്വാസനിധിയിൽനിന്നും ലഭിക്കുന്നു.

5) ബാലവികലാംഗ സദനം:

4 വയസ്സിനുമുകളിലും 16 വയസ്സിനു താഴെയുമുള്ള വികലാംഗരായ കുട്ടികളെ സംരക്ഷിച്ച് അവരെ സ്വയം പര്യാപ്തരാക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ 25 കുട്ടികളെ താമസിപ്പിക്കുന്നതിന് സൗകര്യമുണ്ട്. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലായി മൂന്ന് സ്ഥാപനങ്ങളുണ്ട്.

6) വൃദ്ധ വികലാംഗ ഭവനം:

വികലാംഗരും പ്രായാധിക്യംമൂലം അവശതയനുഭവിക്കുന്നവരുമായ സ്ത്രീകളുടെയും പുരുഷൻമാരുടെയും സംരക്ഷണവും ക്ഷേമവും ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 65 വയസ്സിന് മേൽ പ്രായമുള്ളവർക്കാണ് പ്രവേശനം നൽകുന്നത്. ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

7) സ്ത്രീകൾക്ക് വേണ്ടിയുള്ള വികലാംഗ സദനം:

16 വയസ്സിന്മേൽ പ്രായമുള്ള വികലാംഗരും അനാഥരുമായ സ്ത്രീകളുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. തിരുവനന്തപുരത്ത് 25 പേർക്കും എറണാകുളത്ത് 75 പേർക്കും താമസ സൗകര്യമുള്ള രണ്ട് സ്ഥാപനങ്ങൾ ഉണ്ട്.

ഇതേ ലക്ഷ്യത്തോടെ പുരുഷന്മാർക്ക് മാത്രമായി ഒരു സ്ഥാപനം കോഴിക്കോടും പ്രവർത്തിക്കുന്നുണ്ട്.

8) മന്ദബുദ്ധികൾക്കായുള്ള സ്ഥാപനം:

4 നും 16 നും മദ്ധ്യേ പ്രായമുള്ള മാനസികമായി വികാസം പ്രാപിക്കാത്ത കുട്ടികളുടെ വിദ്യാഭ്യാസം, ക്ഷേമം, സംരക്ഷണം ഇവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങൾ തിരുവനന്തപുരത്തും, കോഴിക്കോടും പ്രവർത്തിക്കുന്നു. ഓരോ സ്ഥാപനത്തിനും 50 കുട്ടികളെ വീതം സംരക്ഷിക്കാൻ സൗകര്യങ്ങൾ ഉണ്ട്. തിരുവനന്തപുരത്തെ സ്ഥാപനം ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തി കുട്ടികളുടെ എണ്ണം 100 ആയി വർദ്ധിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്.

9) കസ്റ്റോഡിയൻ കെയർ ഹോം ഫോർ ദി ഡിസേബിൾഡ് ചിൽഡ്രൻ:

ചികിത്സകൊണ്ട് ഭേദപ്പെടുത്താൻ കഴിയാത്ത വിധത്തിലുള്ള മാനസിക വൈകല്യമുള്ള 16 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ സംരക്ഷണവും ക്ഷേമവും ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. 15 കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ട്. ഇത് മഞ്ചേരിയിൽ പ്രവർത്തിക്കുന്നു.

371/2010.

LIBRARY ARCHIVES Kerala Legislative Assembly

10) ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:

ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുവേണ്ടി നടത്തപ്പെടുന്ന സ്വകാര്യസ്ഥാപനങ്ങളിലെ കുട്ടികൾക്ക് 24,000/- രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി പ്രതിമാസം 60/- രൂപ വീതം പരമാവധി 10 മാസത്തേയ്ക്ക് സ്കോളർഷിപ്പും പാഠ്യോപകരണങ്ങൾക്കും മറ്റുമായി പ്രതിവർഷം 60/- രൂപയും അനുവദിക്കുന്നു.

11) തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ്:

വികലാംഗർക്ക് തൊഴിൽ പരിശീലനത്തിനായി തിരുവനന്തപുരത്തും കോഴിക്കോടും ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങളും പത്തനംതിട്ട ജില്ലയിലെ വള്ളംകുളത്തും തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലും സർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലനകേന്ദ്രങ്ങളും നിലവിലുണ്ട്. പരിശീലനം നേടുന്നവർക്ക് പ്രതിമാസം 200/- രൂപ നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നു. വരുമാന പരിധി 12,000 /- രൂപയാണ്.

നിഷ്:

ബധിരമൂക വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്ഥാപനമാണ് നിഷ്.

III) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ:

ഈ സ്ഥാപനം മുഖേന ബാങ്കുകളിൽ നിന്ന് വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ടെലഫോൺ ബൂത്ത് കംമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും കടം ലഭ്യമാക്കാൻ സഹായിക്കുന്നു. ബാങ്ക് വായ്പ്പക്ക് 2000 രൂപ സബ്സിഡിയും നൽകുന്നു. കോർപ്പറേഷൻ വകയായ താഴെപറയുന്ന സ്ഥാപനങ്ങളിലെ നിയമനം പൂർണ്ണമായും വികലാംഗർക്കായി നീക്കിവച്ചിരിക്കുന്നു.

1) സൗഭാഗ്യ ഡിപ്പാർട്ടുമെന്റ് സ്റ്റോഴ്സ്, തിരുവനന്തപുരം

2) സൗഭാഗ്യ ഡിപ്പാർട്ടുമെന്റ് സ്റ്റോഴ്സ്, കോഴിക്കോട്

3) സൗഭാഗ്യ എക്സ്ടെൻഷൻ കൗണ്ടർ, എം.എൽ.എ. ക്വാർട്ടേഴ്സ്, തിരുവനന്തപുരം

4) ഫോട്ടോ കോപ്പിയർ യൂണിറ്റ്, തിരുവനന്തപുരം

5) എൻവെലപ്പ് മേക്കിംഗ് യൂണിറ്റ്, തിരുവനന്തപുരം

12000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർക്കു സഹായ ഉപകരണങ്ങൾ കോർപ്പറേഷൻ നൽകുന്നു.

മറ്റു വകുപ്പുകൾ

കൺവേയൻസ് അലവൻസ്

40 ശതമാനമോ അതിൽ കൂടുതലോ വികലാംഗത്വമുള്ള ഉദ്യോഗാർത്ഥികൾക്ക് 100 രൂപ നിരക്കിൽ കൺവേയൻസ് അലവൻസ് നൽകി വരുന്നു.

ജോലി സംബന്ധമായി ഇന്റർവ്യൂകൾക്ക് പോകുന്നതിന് വികലാംഗർക്ക് ടി.എ. നൽകി വരുന്നു. സംസ്ഥാന സർവീസ് / എയ്ഡഡ് സ്കൂളുകൾ ഇവയിൽ

LIBRARY ARCHIVES Kerala Legislative Assembly

ജോലി ചെയ്യുന്ന വികലാംഗർക്കും അന്ധർക്കും കൺവേൻസ് അലവൻസ് ലഭിക്കും. ഇവർക്ക് 15 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധി കിട്ടും.

ആരോഗ്യവകുപ്പു മുഖേന: വികലാംഗർക്ക് മെഡിക്കൽ കോളേജ് പരിസരങ്ങളിൽ ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കുവാൻ സ്ഥലം നൽകിവരുന്നു.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തലശ്ശേരി ഇവിടങ്ങളിലെ ജനറൽ ആശുപത്രികളിലും കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മഞ്ചേരി, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ആശുപത്രികളിലും ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. വികലാംഗർക്കുവേണ്ട സഹായ ഉപകരണങ്ങൾ ഈ യൂണിറ്റുകൾ വഴി വിതരണം ചെയ്യുന്നു.

കൃത്രിമ കൈകാലുകൾ വെച്ചുകൊടുക്കുന്ന യൂണിറ്റുകൾ എറണാകുളം ജനറൽ ആശുപത്രിയിലും കൊല്ലം ജില്ലാ ആശുപത്രിയിലും ഉണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വികലാംഗത്വം നിർണ്ണയിച്ച് സൗജന്യമായി മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് മെഡിക്കൽ ബോർഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വെൽഫെയർ സൊസൈറ്റി ഫോർ ദി ലോക്കോ മോട്ടോർ ഡിസേബിൾഡ്

ഈ സൊസൈറ്റി വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി ഗ്രാമപ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പ്, സെമിനാർ ഇവ നടത്തുകയും അർഹരായവർക്ക് സഹായ ഉപകരണങ്ങൾ നൽകുകയും ചെയ്യുന്നു.

ഇതേ ഉദ്ദേശത്തോടെ തൃശ്ശൂരിൽ "പൈലറ്റ് പ്രോജക്ട് ഓൺ മെഡിക്കൽ റീഹാബിലിറ്റേഷൻ" എന്ന സംഘടന കേന്ദ്ര സഹായത്തോടെ പ്രവർത്തിക്കുന്നു.

തൊഴിൽ മേഖല

ജോലിക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ട കുറഞ്ഞകാലാവധി 2 വർഷമാക്കി നിജപ്പെടുത്തിയിരിക്കുന്നു.

തൊഴിലില്ലായ്മ വേതനത്തിനുള്ള യോഗ്യതയ്ക്ക് വികലാംഗർ എസ്.എസ്. എൽ.സി. പാസാകേണ്ട ആവശ്യമില്ല.

എംപ്ലോയ്മെന്റ് എക്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്കും വികലാംഗർക്ക് മുൻഗണനയുണ്ട്.

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 1-1-97 മുതൽ 31-8-98 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ കേന്ദ്ര നിയമപരമായ പി.ഡബ്ല്യു.ഡി. ആക്ട് അനുസരിച്ച് സംസ്ഥാന സർവ്വീസിലെ ക്ലാസ് 3,4 തസ്തികകളിലെ ഒഴിവുകളുടെ 3 ശതമാനം വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്.

കൊല്ലം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. പ്രൊഫഷണൽ/ റോഡ് നികുതികൾ വികലാംഗർക്കു ബാധകമാക്കിയിട്ടില്ല.

രാജീവ് ദശലക്ഷം വീട് പദ്ധതിയിൽ 1 ശതമാനം വികലാംഗർക്കു സംവരണമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വികലാംഗ പെൻഷൻ

6000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള വികലാംഗർക്കു മാസം 110 രൂപ നിരക്കിൽ പെൻഷൻ ലഭിക്കുന്നു. ഇപ്പോൾ സംസ്ഥാനത്ത് 1,14,000 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

1995 ലെ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് (ഈകൽ ഓപ്പർച്യൂണിറ്റീസ്, പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) നിയമത്തിലെ നിബന്ധനകൾ അനുസരിച്ച് വിവിധ വകുപ്പുകൾ മുഖേന വികലാംഗർക്കു ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നതിന് ഒരു സംസ്ഥാന കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന ഏകോപന സമിതി, സംസ്ഥാന കാര്യനിർവഹണ സമിതി എന്നിവ രൂപീകരിച്ചു. നിയമ പ്രകാരമുള്ള കരടു ചട്ടങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

ഗതാഗതം

സൂപ്പർ ഫാസ്റ്റ് ഒഴികെ, സംസ്ഥാനത്തെ പ്രൈവറ്റ്/ട്രാൻസ്പോർട്ട് വാഹനങ്ങളിൽ വികാലാംഗർക്ക് യാത്രക്കൂലിയിനത്തിൽ ഇളവ് ലഭ്യമാണ്. അന്ധരുടെ കൂടെ യാത്രചെയ്യുന്ന ഒരു സഹായിക്കുകൂടി ഈ ആനുകൂല്യം കിട്ടും.

വികലാംഗക്ഷേമ പ്രവർത്തനം നടത്തുന്ന സ്വകാര്യ സംഘടനകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

16/07/99-ലെ നക്ഷത്രചിഹ്നമിട്ട 3 (2806)-ാം നമ്പർ

ചോദ്യത്തിന്റെ ഉത്തരം കാണുക

Sl No.	Name of Unit	Location/District	Date of closure	Cost of project	Employment (Nos.)	Reason for closure	steps taken to restart/present status	Re
1	2	3	4	5	6	7	8	
1	Aark synthetics Ltd.	Ernakulam		205	32	Marketing problems	Eviction Notice was issued against the unit by CEPZ for non-fulfilment of export obligation. In the mean time efforts are being made for change of management.	
	ARN Granites Ltd	Ernakulam	1996	1255	1180	Managerial deficiency &	Revival plans are being worked out.	